"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തിക പുനരുജ്ജീവിപ്പിച്ചും പ്രസ്തുത തസ്തികയുടെ നിലവിലെ യോഗ്യത പുന:പരിഷ്കരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(കൈ) നം.6/2025/TSM തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:-

1. സ.ഉ(കൈ)നം.342/97/GAD തീയതി 20.10.1997
2. സ.ഉ(കൈ)നം39/2011/TSM തീയതി 04/02/2011
3. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 17.10.2023ലെ BRDC/ADMN/GN-33/2023/5153 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തിക പുനരുജ്ജീവിപ്പിക്കുക, പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത 'Degree in Engineering (Civil) with 10 years experience in Managerial capacity with exposure to infrastructure projects' എന്നാക്കി പരിഷ്കരിക്കുക, ജനറൽ മാനേജർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള വഴി തുറക്കുക, ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തികയിലേക്ക് ടെക്നിക്കൽ മാനേജരായ ശ്രീ. രവീന്ദ്രൻ കെ.എം- ന് സ്ഥാനക്കയറ്റം നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. പരാമർശം (1) പ്രകാരം, ജനറൽ മാനേജർ തസ്തികയിലേക്കുള്ള യോഗ്യതയായി നിഷ്കർച്ചിരുന്ന 'Degree in Engineering (Civil) with 10 years experience in Managerial capacity with exposure to infrastructure projects' എന്നത് 'Degree in Engineering in any discipline with MBA with 10 years experience in Managerial Capacity with exposure to infrastructure projects' എന്നാക്കി പരാമർശം (2) പ്രകാരം പരിഷ്കരിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തിക പുനരുജ്ജീവിപ്പിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നതിൻ പ്രകാരം പ്രസ്തുത തസ്തികയുടെ യോഗ്യത 'Degree in Engineering (Civil) with 10 years experience in Managerial capacity with exposure to infrastructure projects' എന്നാക്കി പുന:

പരിഷ്കരിച്ചുകൊണ്ടും, ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ
ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം- 695 033
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1/ഓഡിറ്റ് 2), കേരള, തിരുവനന്തപുരം
പൊതു ഭരണ ( എസ്.സി) വകുപ്പ് (30.04.2025-ലെ ഇനം-2898 പ്രകാരം)
ധനകാര്യ (പി.യു-സി) വകുപ്പ്. (18.08.2024 ലെ 2711544/പി.യു-സി3/30/2024-ധന അഭിപ്രായം പ്രകാരം)
ആസൂത്ര സാമ്പത്തിക കാര്യ വകുപ്പ്. (09.11.2023 ലെ PLGEA-BPE2/222/2023-PLGEA അഭിപ്രായം പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 03-05-2025 15:55:58

സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 30-04-2025**

ഫയൽ നം. ടൂർ-ബി1/174/2023-ടൂർ. ഇനം നം: 2898

വിഷയം : വിനോദസഞ്ചാര വകുപ്പ് - ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തിക പുനരുജ്ജീവിപ്പിക്കുക, ടി തസ്തികയുടെ യോഗ്യത പരിഷ്കരിക്കുക, ജനറൽ മാനേജർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള വഴി തുറക്കുക, ശ്രീ. രവീന്ദ്രൻ കെ.എം., മാനേജർ(ടെക്നിക്കൽ)-ന് ജനറൽ മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുക എന്നിവ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ (1), (2) അംഗീകരിച്ചു.
(3). വകുപ്പുതലത്തിൽ തന്നെ തീരുമാനമെടുക്കാവുന്നതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaj

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2898

| | | | |
|---|---|---|---|
| 1. | ഫയൽ | : | ടൂർ-ബി1/174/2023-ടൂർ |
| 2. | വകുപ്പ് | : | വിനോദ സഞ്ചാര (ബി) വകുപ്പ് |
| 3. | വിഷയം | : | ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തിക പുനരുജ്ജീവിപ്പിക്കുക, ടി തസ്തികയുടെ യോഗ്യത പരിഷ്കരിക്കുക, ജനറൽ മാനേജർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള വഴി തുറക്കുക, ശ്രീ. രവീന്ദ്രൻ കെ.എം, മാനേജർ (ടെക്നിക്കൽ)- ന് ജനറൽ മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുക എന്നിവ - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയിതി | : | 01.04.2025 |
| 5. | (എ) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ<br><br>(ബി) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ | :<br><br>: | അതെ<br><br>അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കാള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ജഗദീശ് ഡി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ ബിജു. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08.04.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.04.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28.04.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ (i) ജനറൽ മാനേജർ തസ്തിക പുനരുജ്ജീവിപ്പിക്കുക, (ii) പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത 'Degree in Engineering (Civil) with 10 years experience in Managerial capacity with exposure to infrastructure projects' എന്നാക്കി പരിഷ്കരിക്കുക, (iii) ജനറൽ മാനേജർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള വഴി തുറക്കുക, (iv) ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തികയിലേക്ക് ടെക്നിക്കൽ മാനേജരായ ശ്രീ. രവീന്ദ്രൻ കെ.എം.- ന് സ്ഥാനക്കയറ്റം നൽകുക എന്നീ വിഷയങ്ങൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 20.10.1997 ലെ G.O(Ms)No.342/97/GAD പ്രകാരം, ബി.ആർ.ഡി.സി യിൽ ജനറൽ മാനേജർ തസ്തികയിലേക്കുള്ള യോഗ്യത 'Degree in Engineering (Civil) with 10 years experience in Managerial capacity with exposure to infrastructure projects' ആയിരുന്നു. പിന്നീട് 04/02/2011 ലെ G.O(MS)No.39/2011/TSM പ്രകാരം, പ്രസ്തുത തസ്തികയ്ക്കുള്ള യോഗ്യത 'Degree in Engineering in any discipline with MBA with 10 years experience in Managerial Capacity with exposure to infrastructure projects.' എന്നാക്കി പരിഷ്കരിച്ചു.

3. 21.07.2023 ൽ ചേർന്ന ബി.ആർ.ഡി.സി യുടെ 95 ാംമത് ഡയറക്ടർ ബോർഡ് യോഗത്തിൽ ജനറൽ മാനേജർ തസ്തിക പുനരുജ്ജീവിപ്പിക്കുന്നതിനും പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത

'Degree in Engineering (Civil) with 10 years experience in Managerial capacity with exposure to infrastructure projects' എന്ന് പരിഷ്കരിക്കുന്നതിനും ജനറൽ മാനേജർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള വഴി തുറക്കുന്നതിനും ശ്രീ. രവീന്ദ്രൻ കെ.എം, മാനേജർ (ടെക്നിക്കൽ)- ന് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുവാൻ തീരുമാനിച്ചു.

4. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മേൽ തീരുമാനം, എം.ഡി, ബിആർഡിസി, ശിപാർശ സഹിതം അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചു. ജനറൽ മാനേജർ തസ്തിക 22-09-2014 മുതൽ ഒഴിഞ്ഞുകിടക്കുകയാണെന്നും 29-04-2008 മുതൽ കോർപ്പറേഷനിൽ മാനേജർ (ടെക്നിക്കൽ) ആയി ജോലി ചെയ്യുന്ന ശ്രീ. രവീന്ദ്രൻ.കെ.എമ്മിന് എഞ്ചിനീയറിംഗ് മേഖലയിൽ 32 വർഷത്തിലേറെ പരിചയമുണ്ടെന്നും എം.ഡി, ബി.ആർ.ഡി.സി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേൽ ശുപാർശയിന്മേൽ, ആസൂത്രണ സാമ്പത്തിക കാര്യ (ബിപിഇ) വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

'The Administrative Department is informed that this Department agree with the proposal of the Board of Directors of BRDC for reviving the post of General Manager and fixing the qualification for the said post as Degree in Engineering (Civil) with 10 years experience in Managerial capacity with exposure to infrastructure projects and also the channel of promotion proposed for the promotion of Manager (Technical)'.

6. അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിന് നൽകിയപ്പോൾ, പ്രസ്തുത വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:-

'Finance agrees the proposal for reviving the post of General Manager with the revised qualification and mode of appointment subject to the approval by the Cabinet.'

7. മേൽ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയങ്ങൾ

1. 22-09-2014 മുതൽ ഒഴിഞ്ഞുകിടക്കുന്ന ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തിക പുനരുജ്ജീവിപ്പിക്കാമോ?

2. 20.10.1997 ലെ G.O.(Ms) No.342/97/GAD ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം ജനറൽ മാനേജർ തസ്തികയിലേക്കുള്ള യോഗ്യത 'Degree in Engineering (Civil) with 10 years experience in Managerial capacity with exposure to infrastructure projects' എന്ന് പരിഷ്കരിക്കാമോ?

3. ബി.ആർ.ഡി.സി-യിൽ ജനറൽ മാനേജർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള ചാനൽ തുറന്നുകൊണ്ട്, ശ്രീ. രവീന്ദ്രൻ കെ.എം, മാനേജർ (ടെക്നിക്കൽ)- ന് ജനറൽ മാനേജർ തസ്തികയിലേക്ക്, 77,400-1,15,200 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകാമോ?